**അറിയിപ്പ്**

കെ. എം. മാണി സാറിന്റെ നിര്യാണത്തിന്റെ ദുഃഖസാന്ദ്രമായ അന്തരീക്ഷത്തിലാണെങ്കിലും ഒരു കാര്യംകൂടി സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ഒരുപക്ഷേ കേരള നിയമസഭയുടെ ചരിത്രത്തിലൊരിക്കലുമില്ലാത്ത തരത്തിൽ നാല് നിയമസഭാ സാമാജികർ, സാമാജികരായിരിക്കെ ഇന്ത്യൻ പാർലമെന്റിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടിരിക്കുകയാണ്. ശ്രീ. അടൂർ പ്രകാശ്, ശ്രീ. എ. എം. ആരിഫ്, ശ്രീ. ഹൈബി ഈഡൻ, ശ്രീ. കെ. മുരളീധരൻ എന്നീ അംഗങ്ങൾ ഈ സഭയുടെ ചടുലതയും സർഗ്ഗാത്മകതയും സജീവമായി നിലനിർത്തുന്നതിൽ നല്ല സാന്നിദ്ധ്യങ്ങളായിരുന്നു. കേരള നിയമസഭയുടെ ഈ അനുഭവങ്ങളുടെ ഉള്ളടക്കം ഇന്ത്യൻ പാർലമെന്റിൽ രാജ്യത്തിന്റെ താല്പര്യത്തെ സംരക്ഷിക്കാനും ഭരണഘടനാ മൂല്യങ്ങൾക്കുവേണ്ടി ധൈഷണിക ധീരതയോടുകൂടി പോരാടാനുള്ള ഊർജ്ജം അവർക്ക് പകരട്ടെയെന്ന് ആഗ്രഹിക്കുന്നു. അതിനവർക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു.

ഓർഡർ....... ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2019 മേയ് 28-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 10.05-ന് പിരിഞ്ഞു.)

*****